**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1436** **04-07-2022 - ൽ മറുപടിയ്ക്ക്**

**എൽ.പി സ്കൂൾ ടീച്ചർ (മലയാളം) തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം ജില്ലയിൽ എൽ.പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ; | (എ) | എൽ.പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) തസ്തികയിൽ 58 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | കാറ്റഗറി നം. 516/2019 പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾക്കായി പി.എസ്.സി. യിലേക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പി.എസ്.സി.യിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | 2023, 2024 അധ്യയന വർഷങ്ങളിൽ റിട്ടയർമെന്റുകൾ മുഖേന എൽ.പി.എസ്.എ. തസ്തികയിൽ എറണാകുളം ജില്ലയിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ; | (സി) | 2023 അദ്ധ്യയന വർഷം എൽ.പി.എസ്.എ തസ്തികയിൽ റിട്ടയർമെന്റുകൾ മൂലം 36 ഒഴിവുകളും 2024 അദ്ധ്യയന വർഷം റിട്ടയർമെന്റുകൾ മൂലം 22 ഒഴിവുകളും ഉണ്ട്. |
| (ഡി) | 2022-23 അധ്യയന വർഷത്തിലെ ആറാം പ്രവർത്തി ദിനത്തിലെ കണക്കുകൾ പ്രകാരം എറണാകുളം ജില്ലയിൽ എൽ.പി. വിഭാഗത്തിൽ എത്ര അധിക തസ്തികകൾ നിർണയിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | 2022-2023 അദ്ധ്യയന വർഷത്തിലെ ആറാം പ്രവൃത്തി ദിനത്തിലെ കണക്കുകൾ പ്രകാരം ഫിക്സേഷൻ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ